പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1740 — 13.7.2011 ൽ മറുപടിയ്ക്ക്

## പുതിയ ഐ.ടി. നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ ;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. ബെന്നി ബെഹനാൻ ; | | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) | |
| എ) | പുതിയ ഐ.ടി. നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഐ.ടി. വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത് ; | ബി) | ഐ.ടി വികസനത്തിനായി പുതിയ സർക്കാർ ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഐ.ടി നയത്തിൽ വ്യക്തമാക്കുന്നതാണ്. |
| സി) | ഐ.ടി. മേഖലയിൽ നിന്നുള്ള വരുമാനത്തിൽ ഇന്ത്യയിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളത് ; | സി) | കേരളത്തിന് എട്ടാം സ്ഥാനമാണുള്ളത്. |
| ഡി) | 'സ്മാർട്ട് സിറ്റി' ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ; | ഡി) | സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് ആണ്. |
| ഇ) | കഴിഞ്ഞ 5 വർഷമായി 'സ്മാർട്ട്സിറ്റി' പദ്ധതി ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണ് ; | ഇ) | 13.5.2007 ൽ കേരള സർക്കാരും TECOM Investment FZ-LLC യുമായി ഫ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പുവച്ചു. 234.5375 ഏക്കർ സ്ഥലത്തിനുള്ള പാട്ടക്കരാർ 15.11.2007 ലും 11.4625 ഏക്കർ സ്ഥലത്തിനുള്ള പാട്ടക്കരാർ 29.7.2008 ലും ഒപ്പുവച്ചു. എന്നാൽ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം ഈ |

പാട്ടക്കരാറുകൾ കൃത്യസമയത്ത് രജിസ്റ്റർ ചെയ്യാതിരുന്നതിനാൽ കാലഹരണപ്പെട്ടു. 12% ഭൂമിയുടെ സ്വതന്ത്രാവകാശത്തെ സംബന്ധിച്ചുള്ള തർക്കമാണ് സ്മാർട്ട്സിറ്റി പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്.

എഫ്) പ്രസ്തുത പദ്ധതിയുടെ ഭൂമിയുടെ രജിസ്ട്രേഷൻ, സെസ്സ് അപേക്ഷ എന്നിവയിൽ തീരുമാനങ്ങൾ എടുക്കുവാൻ കാലതാമസം നേരിട്ടിരുന്നോ ;

എഫ്) കാലതാമസം നേരിട്ടില്ല.

ജി) ഐ.ടി. വ്യവസായവുമായി ബന്ധപ്പെട്ട ഏതെങ്കിലും സെസ്സ് അപേക്ഷകൾ തീരുമാനമാകാതെയുണ്ടോ ; എങ്കിൽ എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം സ്ഥാപനങ്ങളുടെതെന്നും അറിയിക്കാമോ ?

ജി) ഇല്ല.

സെക്ഷൻ ഓഫീസർ